ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ജെ3/3079/2022/മെ.വി.വ. (2)** **തീയതി: 05-02-2025**

**അനുബന്ധം H 4**

**നോട്ടീസ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജയലത എസ് (PEN : 193874, ഗോകുലം, അമ്പലത്തിൻകാല പിഒ, കാട്ടാക്കട, തിരുവനന്തപുരം ) എന്ന താങ്കൾക്ക് വിദേശത്ത് ജോലിക്കായി ആകെ അഞ്ച് വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. താങ്കൾക്ക് അനുവദിച്ചിരുന്ന ആകെ 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് ശേഷം 20/08/2024 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടാതായിരുന്നു. എന്നാൽ അനധികൃത അവധിയിൽ പ്രവേശിച്ച താങ്കൾക്ക് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാകുവാൻ നോട്ടിസ് നൽകിയെങ്കിലും താങ്കൾ ഹാജരാകുകയോ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറിച്ച് ജോലിയിൽ നിന്നും രാജി സന്നദ്ധത അറിയിച്ചുകൊണ്ടുള്ള കത്ത് ലഭ്യമാക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഉത്തരവാദപെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. 20/08/2024 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്നതിന് ശിക്ഷണ നടപടി എടുക്കാതിരിക്കുവാൻ എന്തെങ്കിലും കാരണം ബോധിപ്പിയ്ക്കുവാൻ ഉണ്ടെങ്കിൽ ആയതിന്റെ വിശദീകരണം സമർപ്പിക്കുവാൻ നിർദേശിച്ചെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ആകയാൽ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം താങ്കൾക്കെതിരായ ആരോപണത്തിന്മേൽ വിശദീകരണം ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലാ എന്ന നിഗമനത്തിന്മേൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

Signed by
Thomas Mathew
Date: 05-02-2025 08:41:35

THOMAS MATHEW
DIRECTOR

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.ജെ3/3079/2022/ മെ.വി.വ.** **തീയതി:22-12-2024**

**കുറ്റപത്രം**

തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജയലത എസ് (PEN : 193874) എന്ന താങ്കൾക്ക് വിദേശത്ത് ജോലിക്കായി ആകെ അഞ്ച് വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം കെ.എസ്.ആർ ഭാഗം 1 അപ്പെൻഡിക്സ് XII A/XII C പ്രകാരമുള്ള ശൂന്യവേതനാവധി 20 വർഷത്തിൽ നിന്നും ആകെ 5 വർഷമാക്കി നിജപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ പ്രകാരം താങ്കൾക്ക് അനുവദിച്ചിരുന്ന ആകെ 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് ശേഷം 20/08/2024 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ അനധികൃത അവധിയിൽ പ്രവേശിച്ച താങ്കൾക്ക് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാകുവാൻ നോട്ടീസ് നൽകിയെങ്കിലും താങ്കൾ ഹാജരാകുകയോ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറിച്ച് ജോലിയിൽ നിന്നും രാജി സന്നദ്ധത അറിയിച്ചുകൊണ്ടുള്ള കത്ത് ലഭ്യമാക്കുകയാണ് ഉണ്ടായിട്ടുള്ളത്. അനധികൃതമായി അവധിയിൽ ആയതിനുശേഷം അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനായി താങ്കൾ സമർപ്പിച്ച രാജിഅപേക്ഷ പരിഗണനാർഹമല്ല .

ഉത്തരവാദപെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ താങ്കളുടെ ഈ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. കേരള സിവിൽ സർവിസ് ചട്ടങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിച്ചതിനാൽ താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് അല്ലെങ്കിൽ കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960, അതുമല്ലെങ്കിൽ നിർദേശിക്കാവുന്ന പ്രകാരം ബാധകമാകുന്ന മറ്റ് ചട്ടങ്ങൾക്ക് കീഴിൽ ഉദ്ദേശിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ആയതു രേഖാമൂലം സമർപ്പിക്കുന്നതിനു താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക നൽകുന്നതിനായി ഈ കുറ്റാരോപണ പത്രിക ലഭിക്കുന്ന തീയതി മുതൽ 15 ദിവസം വരെയുള്ള സമയം അനുവദിച്ചിരിക്കുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ മറുപടി ലഭിക്കുന്നില്ലായെങ്കിൽ ടി വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. താങ്കളെ നേരിട്ട് കേൾക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ആയത് അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ രേഖകൾ പരിശോധിക്കാനുണ്ടെങ്കിൽ ആയതിനു രേഖാമൂലം, പ്രതിവാദപത്രിക സമർപ്പിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ടാൽ അവസരം നൽകുന്നതാണ്.

മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണപത്രിക ഇതോടൊപ്പം ചേർക്കുന്നു.

THOMAS MATHEW

Signed by
Thomas Mathew
Date: 22-12-2024 09:10:05

DIRECTOR

സ്വീകർത്താവ്

1. ശ്രീമതി. ജയലത എസ്സ്
ഗോകുലം
അമ്പലത്തിൻകാല പിഒ
കാട്ടാക്കട
തിരുവനന്തപുരം.

2. ജയലത എസ്സ്
TC - 7/1515
പുതുവൽ പുത്തൻ വീട്
കൊച്ചുള്ളൂർ
മെഡിക്കൽ കോളേജ് പി. ഒ.
തിരുവനന്തപുരം.

പകർപ്പ് :
1. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽകോളേജ്, തിരുവനന്തപുരം
2. സൂപ്രണ്ട്, സർക്കാർ മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം
3. ഫയൽ/കരുതൽ ഫയൽ

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.ജെ3/3079/2022/ മെ.വി.വ.** **തീയതി:22-12-2024**

**കുറ്റാരോപണ പത്രിക**

തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ജയലത എസ് (PEN : 193874) ന് വിദേശത്ത് ജോലിയ്ക്കായി ആകെ അഞ്ച് വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. ടിയാൾക്ക് അനുവദിച്ചിരുന്ന ആകെ 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് ശേഷം 20/08/2024 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടാതായിരുന്നു. എന്നാൽ അനധികൃത അവധിയിൽ പ്രവേശിച്ച ടിയാൾക്ക് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാകുവാൻ നോട്ടീസ് നൽകുകയും നോട്ടീസ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസത്തിനകം ഈ കാര്യാലയത്തിൽ ഹാജരാകാത്ത പക്ഷം കെ.എസ്.ആർ ഭാഗം 1 അപ്പെൻഡിക്സ് XII A, ചട്ടം 9, (KS&SSR ചട്ടങ്ങൾ, 1960 ലെ KCS (classification, control &Appeal ) ചട്ടങ്ങൾ എന്നിവ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ടിയാൾ ഈ കാര്യാലയത്തിൽഹാജരാകുകയോ തൃപ്തികരമായ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മറിച്ച് ജോലിയിൽ നിന്നും രാജി സന്നദ്ധത അറിയിച്ചുകൊണ്ടുള്ള കത്ത് ലഭ്യമാക്കുകയാണ് ഉണ്ടായിട്ടുള്ളത്. അനധികൃതമായി അവധിയിൽ ആയതിനുശേഷം അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനായി സമർപ്പിച്ച രാജിഅപേക്ഷ പരിഗണനാർഹമല്ല .

ഉത്തരവാദപെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥ എന്ന നിലയിൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്ന ടിയാളുടെ നടപടി ഗുരുതരമായ അച്ചടക്ക ലംഘനവും സർവീസ് പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആകയാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന കുറ്റത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ടിയാൾക്കെതിരെ കുറ്റപത്രം പുറപ്പെduvikkunnu.

ശ്രീമതി ജയലത എസ് (PEN : 193874) 1960 ലെ കേരള സിവിൽ സർവീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കത്തക്ക കുറ്റം ചെയ്തിരിക്കുന്നു എന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ കുറ്റാരോപണ പത്രിക.

Signed by
Thomas Mathew
Date: 22-12-2024 09:37:20

THOMAS MATHEW
DIRECTOR